ഉത്തരം

(എ) ജർമ്മനി, ഇറ്റലി, ഗ്രീസ്, യു. എസ്. എ., അർജന്റീന, യു. എ. ഇ., ഇറാൻ, തുർക്കി, സിംഗപ്പൂർ, ജപ്പാൻ, ഇൻഡോനേഷ്യ, ശ്രീലങ്ക, ചൈന, ബംഗ്ലാദേശ്, വിയറ്റ്നാം, കെനിയ, സൗത്ത് ആഫ്രിക്ക, ആസ്ട്രേലിയ, ബൽജിയം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും തേയില ഇറക്കുമതി ചെയ്യുന്നു.

(ബി) കൂടുതലാണ്.

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന തേയില വ്യവസായത്തെ തേയില ഇറക്കുമതി ദോഷകരമായി ബാധിക്കുന്നു.

**തെങ്ങിനെ ബാധിച്ച രോഗങ്ങൾ**

**68 (4107)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങിനെ ഏതെല്ലാം രോഗങ്ങളാണ് അടുത്ത കാലത്ത് പടർന്നുപിടിച്ചിരിക്കുന്നത് എന്നറിയിക്കാമോ ;

(ബി) രോഗങ്ങൾമൂലം നാളികേരത്തിന്റെ ഉല്പാദനം എത്ര കുറഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) രോഗം തടയുന്നതിനും നാളികേരത്തിന്റെ വിളവ് വർദ്ധിപ്പിക്കുന്നതിനും ഈ സാമ്പത്തിക വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ഡരി കീടബാധ, ഓലചീയൽ, കൂമ്പു ചീയൽ എന്നീ രോഗങ്ങളാണ് തെങ്ങു കൃഷിയെ അധികമായി ബാധിച്ചു വരുന്നത്.

(ബി) 25% കണ്ട് കുറഞ്ഞിട്ടുണ്ട്.

(സി) തെങ്ങിന്റെ മണ്ഡരി കീടബാധ തടയുന്നതിനായി വേപ്പു അടിസ്ഥാനപ്പെടുത്തിയ ജൈവ കീടനാശിനിയായ അസാഡിറാക്ടിൽ (1%) ഉപയോഗിച്ച് മരുന്ന് തളി നടത്തി വരുന്നു. കീടബാധ നിലനിൽക്കുന്ന തെങ്ങുകളിൽ മൂന്നാം ഘട്ടം മരുന്നുതളിയുടെ ഒന്നാം റൗണ്ട് ഏപ്രിൽ- ജൂൺ മാസങ്ങളിൽ നടപ്പാക്കിക്കഴിഞ്ഞു. രണ്ടാം റൗണ്ട് സെപ്റ്റംബർ - ഒക്ടോബർ മാസം നടത്തുന്നതാണ്. മറ്റു രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ സാങ്കേതിക ഉപദേശം കൃഷിവകുപ്പ് നൽകി വരുന്നു.

സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

1. അതിർത്തി ജില്ലകളിൽ നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ പദ്ധതി.
2. വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതി.
3. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly